കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെല്ലാനം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.KSAEKM(പി 3)2193/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422771
തീയതി: 03/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെല്ലാനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :ചെല്ലാനം ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.KSAEKM(പി 3)2193/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422771

തീയതി: 03/12/2018

## എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2017 മുതൽ 17.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജയ.സി.ആർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.10.2018മുതൽ 31.10.2018 വരെ | ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഷെഫീക്ക്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.വിജു.എം.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ |

.

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡണ്ട് | | | |
| 1 | ശ്രീമതി. മേഴ്സി ജോസി | 01.04.2017മുതൽ 31.03.2018 വരെ | |
| സെക്രട്ടറി | | | |
| 1 | ഇ.എ ഫിലോമിന, | 1.4.2017- 31.5.17 | |
| 2 | ആർ.എ.പ്രദീപ്കുമാർ | 1.6.17-.4.6.17 | |
| 3 | രാജൻ.പി.എസ്, | 5.6.17- 14.11.17 | |
| 4 | ആർ.എ.പ്രദീപ്കുമാർ, | 15.11.17- 21.11.17 | |
| 5 | പി പി ഷീല | 22.11.17മുതൽ 31.03.2018 | |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ | | | |
| | ധനകാര്യം | ശ്രീ.കെ ഡി പ്രസാദ് | 01.04.2017മുതൽ 31.03.2018 വരെ |
| | വികസന കാര്യം | ശ്രീമതി. സ്മിത മാത്യു ജേക്കബ് | 01.04.2017മുതൽ 31.03.2018 വരെ |
| | ക്ഷേമകാര്യം | ശ്രീ. ജോൺസൺപോൾ | 01.04.2017മുതൽ 31.03.2018 വരെ |
| | ആരോഗ്യ / വിദ്യാഭ്യാസ കാര്യം | ശ്രീമതി. അനിത ബാബു | 01.04.2017മുതൽ 31.03.2018 വരെ |
| | നിർവഹണ ഉദ്യോഗസ്ഥർ | | |
| | കൃഷി ഓഫീസർ | ഷീബ.എൻ.കെ | 01.04.2017മുതൽ 31.1.2018വരെ |
| | | ലെൻസി തോമസ് | 01.02.2018മുതൽ 31.03.2018വരെ |
| 13 | വെറ്ററിനറി സർജൻ | ഡോ.സിസ്കു.കെ | 01.04.2017മുതൽ 31.03 2018വരെ |
| 14 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഏയ്ഞ്ചൽ ജിൻസി | 01.04.2017മുതൽ 31.03.2018 വരെ |
| 15 | വി.ഇ.ഒ ചെല്ലാനം | സബിത.എ.കെ | 01.04.2017മുതൽ 5.06 2017വരെ |
| | | സുനീഷ്.കെ.എസ് | 6.6.17മുതൽ 31.03 2018വരെ |
| 16 | വി.ഇ.ഒ , കണ്ണമാലി | സാദിഖ്.എ | 01.04.2017മുതൽ 31.03 2018വരെ |
| 17 | വി.ഇ.ഒ, കണ്ടക്കടവ് | സവിത.സി.എം | 01.04.2017മുതൽ 31.03 2018വരെ |
| 18 | വി.ഇ.ഒ, കാട്ടിപ്പറമ്പ് | രാജേശ്വരി.കെ.ആർ | 01.04.2017മുതൽ 5.6.17വരെ |
| | | സുകേഷ്.എസ്.ജയൻ | 6.6.17മുതൽ 31.03 2018വരെ |
| 19 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ചെല്ലാനം | ഡോ.ഷൈന.എസ് | 01.04.2017മുതൽ 17.12.2017 വരെ |
| | | ഡോ.ലിസിയ മേരി | 18.12.2017മുതൽ 31.03.2018വരെ |
| 20 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കണ്ടക്കടവ് | ഡോ.പമീല.ടി.ആർ | 01.04.2017മുതൽ 31.03 2018വരെ |

| | | | |
|---|---|---|---|
| 21 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.കെ.റ്റി.ശ്രീദേവി | 01.04.2017മുതൽ 31.03 2018വരെ |
| 22 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനശ്രീ പ്രകാശ് | 01.04.2017മുതൽ 31.03 2018വരെ |
| 23 | അസിസ്റ്റന്റ് സെക്രട്ടറി | ആർ.എ. പ്രദീപ്കുമാർ | 01.04.2017മുതൽ 31.03 2018വരെ |
| 24 | അസി. എൻജിനീയർ | ഇന്ദുശ്രീ.ഐ.ബി | 01.04.2017മുതൽ 31.03 2018വരെ |
| 25 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | നിഷ.വി.ഷെറീഫ് | 01.04.2017 മുതൽ 15.07.2017വരെ |
| | | പ്രവീണ.ജി | 16.07.2017 മുതൽ 31.03.2018വരെ |
| 26 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജിബിന.എം.എം | 01.04.2017മുതൽ 31.03 2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-12 |
| | ഭാഗം 2 | |
| 2 | ഓഡിറ്റ് ഇമ്പാക്ട് | 2-1 |
| 3 | തൊഴിൽ നികുതി രേഖകൾ – അപാകതകൾ | 2-2 |
| 4 | ഡി & ഒ ലൈസൻസ് രേഖകൾ-അപാകതകൾ | 2-3 |
| 5 | ചാലുകളുടെ ലേലം – മുഴുവൻ തുക ലഭിച്ചിട്ടില്ല. | 2-4 |
| | ഭാഗം 3 | |
| 6 | ചട്ട വിരുദ്ധമായി തുക ചെലവഴിച്ചു. | 3-1 |
| 7 | നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി. | 3-2 |
| 8 | പ്രവർത്തന രഹിതമായ ഹൈമാസ്റ്റ് ലാമ്പുകൾക്ക് വൈദ്യുതിച്ചാർജ് നൽകി | 3-3 |
| 9 | വീട് വാസയോഗ്യമാക്കൽ -മുൻകൂർ തുക കൈപ്പറ്റി- വീട് വാസയോഗ്യമാക്കിയില്ല | 3-4 |
| 10 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം - അപാകതകൾ | 3-5 |
| 11 | നോട്ടീസ് ഫീസ് ഈടാക്കിയില്ല. | 3-6 |
| 12 | അപേക്ഷകൾ വാങ്ങാതെ ആനുകൂല്യങ്ങൾ നല്കി - | 3-7 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| 14 | ആട് വിതരണം-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ധനസഹായം നല്കി | 3-9 |
| 15 | ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. | 3-10 |
| 16 | എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ -വിതരണ രേഖകൾ ലഭ്യമാക്കിയില്ല. | 3-11 |
| 17 | ഇരുചക്ര വാഹനം നൽകൽ – അപാകതകൾ | 3-12 |

| | | |
|---|---|---|
| 18 | വിതരണം ചെയ്യാത്ത പ്രിന്ററുകൾക്ക് തുക നല്കി-തടസ്സം 47312 രൂപ | 3-13 |
| 19 | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - അപാകത | 3-14 |
| | ഭാഗം 4 | |
| 15 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to<br>4-10 |
| 16 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |
| 17 | രസീത് &പേയ്മെന്റ് പത്രിക | അനുബന്ധം.2 |
| 18 | ഇൻകം &എക്സ്പെൻഡീച്ചർ പത്രിക | |
| 19 | ബാലൻസ് ഷീറ്റ് പത്രിക | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 145429800 | 148696000 |
| വാർഷിക കണക്ക് പ്രകാരം | 77299665 | 90666169 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

3.പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത്

യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 1.06.2018 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | കണക്ക് പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2017-18 | 25/06/2018-26/06/2018 | കെ.എസ്.എ.ഇ.കെ.എം. പി.ജി 1786/(36)/18/ 30.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29931939 |
| വരവ് | 77299665 |
| ആകെ | 107231604 |
| ചെലവ് | 90666169 |
| നീക്കിയിരിപ്പ് | 16565435 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | സർക്കാറിലേക്ക് തിരികെ | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 25546000 | 25546000 | 20291114 | 5254886 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | 00 | 3833658 | 3833658 | 3320590 | 513068 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 00 | 23990 | 23990 | 23990 | 00 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 00 | 830000 | 830000 | 644833 | 185167 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 00 | 5604000 | 5604000 | 4136409 | 1467591 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ | 00 | 16287477 | 16287477 | 8366368 | 7921109 | 00 |

| | | | | | | | |
|---|---|---|---|---|---|---|---|
| അവാർഡ് | | | | | | | |
| പെർഫോമൻസ് ഗ്രാൻറ് | | 00 | 3339599 | 3339599 | 2914813 | 424786 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 2295 | 1192908 | 1195203 | 1154090 | 00 | 41113 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 16444609 | 13169000 | 29613609 | 27120511 | 00 | 2493098 |
| ദുരിതാശ്വാസ നിധി | | 891 | 111 | 1002 | 00 | 00 | 1002 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 1158400 | 507388 | 1665788 | 444277 | 00 | 1221511 |
| | ജില്ലാ പഞ്ചായത്ത് | 459616 | 297596 | 757212 | 237500 | 00 | 519712 |
| | ഗ്രാൻറ്/ അദർ കോൺ ട്രിബ്യൂ ഷൻ/ ഓൾഡ് പ്ലാൻ | 64299 | 12500 | 76799 | 9194 | 00 | 67605 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | BSUP | 1727043 | 87671 | 1814714 | 00 | 00 | 1814714 |
| | ICDS | 313295 | 854075 | 1167370 | 206469 | 00 | 960901 |
| | ടോട്ടൽ സാനി ട്ടേഷൻ | 253400 | 4550000 | 4803400 | 4550000 | 00 | 253400 |
| | NPRPD | 235189 | 196294 | 431483 | 238534 | 00 | 192949 |
| ബി ഫണ്ട് | | 00 | 57049740 | 57049740 | 57049740 | 00 | 00 |
| തനത് ഫണ്ട് | | 9197567 | 16300443 | 25498010 | 16580702 | 00 | 8917308 |
| ക്യാഷ് (തനത്) | | 75335 | 82122 | 157457 | 75335 | 00 | 82122 |
| ആകെ | | 29931939 | 149764572 | 179696511 | 147364469 | 15766607 | 16565435 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 191 | 77139478 | 130 | 44466223 | 45 | 16 | 57.64 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2295 | 1192908 | 1195203 | 1154090 | 41113 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 19841910 | 19841910 | 19841910 | 00 |
| ആകെ | 2295 | 21034818 | 21037113 | 20996000 | 41113 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74880 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 2262500 | 198 |
| വിധവാപെൻഷൻ | 13107300 | 1174 |
| വാർദ്ധക്യകാലപെൻഷൻ | 35482800 | 3666 |
| വികലാംഗപെൻഷൻ | 3817400 | 328 |
| വിവാഹധനസഹായം | 270000 | 9 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2028300 | 182 |
| നെല്ലുൽപാദക ബോണസ്സ് | 6560 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2018ന് സ്ഥാപനത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 31307/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി

02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

9. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2018 | 01.09.18 - 30.09.18 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിററ് | 30.7.2012 | 2007-08 മുതൽ 2011-12 വരെ | 26.09.12 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി) 1786/(36)/18 /30.8.2018. നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റ് ഇംപാക്ട്

30.03.2017ൽ 13927-ാംനമ്പർ രസീത് ബുക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ ഈടാക്കിയ 978 രൂപ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതിരുന്നത് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രസീത് നം 118010102375 പ്രകാരം 30.10.2018 ൽ അടച്ചു.

## 2-2 തൊഴിൽ നികുതി രേഖകൾ- അപാകതകൾ

സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു എന്നത് സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ പഞ്ചായത്തിൽ നാളിതുവരെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നടപടിക്രമങ്ങളിലെ അവ്യക്തതമൂലം കെട്ടിടങ്ങളുടേയും സ്ഥലങ്ങളുടേയും ഉടമസ്ഥരിൽ നിന്നും സ്ഥലം ഉപയോഗിക്കുന്നവരുടെയും അവിടെ തൊഴിൽ ചെയ്യുന്നവരുടേയും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലില്ല. ആയതിനാൽ നോട്ടീസ് നൽകുന്നതിനും വിവരം ശേഖരിക്കുന്നതിനും വ്യക്തമായ നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

കെട്ടിട ഉടമകളിൽ നിന്നും സ്ഥലം ഉടമകളിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വിവരങ്ങൾ കാലികമാക്കുന്നതിനുള്ള ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, റെസിഡെൻഷ്യൽ സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് നൽകേണ്ടിവരുമ്പോൾ ഈ വ്യക്തികളേയും സ്ഥാപനങ്ങളേയും സംബന്ധിച്ച എല്ലാവിവരങ്ങളും ലഭ്യമാകുന്ന സിംഗിൾ ഡേറ്റാ സോഴ്സ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ ഏർപ്പടുത്താവുന്നതാണ്.

വരുമാനം വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെയും, അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും വിവരങ്ങൾ സമാഹരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ആയതു പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നും തുക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-3 ഡി & ഒ ലൈസൻസ് രേഖകൾ -അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല . പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതും, പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ചാലുകളുടെ ലേലം - മുഴുവൻ തുക ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള താഴെപ്പറയുന്ന ചാലുകൾ ലേലം ചെയ്തിട്ടുള്ളതാണ്.

| ക്രമനം | ചാലിന്റെ പേര് | ലേലം കൊണ്ടയാൾ | ലേലത്തുക | ആകെ അടവാക്കിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കളത്രചാൽ | ജോക്കബ് മെൽബിൻ ഊട്ടുപറമ്പിൽ,കണ്ണമാലി | 4350000 | 1525000/- 11601500065തീ 16.03.2017 650000/- 11601500061തീ 10.03.2017 | 2175000 |
| 2 | പരുത്തിത്തോട് | തദ്ദേവൂസ്,അത്തിപ്പൊഴിയിൽ കണ്ടക്കടവ് | 2150000 | 1075000/- 11601500062തീ 10.03.2017 | 1075000/- |
| ആകെ | | | 6500000 | 3250000 | 3250000 |

മേൽ സൂചിത ലേലം കൊണ്ടവരുമായി 25.02.2017 ൽ സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കരാർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കരാർ വ്യവസ്ഥകളിലെ ക്രമ നം. 6 പ്രകാരം കളത്രചാൽ ലേലം കൊണ്ട വ്യക്തിക്ക് ബാക്കി ലേലത്തുക രണ്ടുഗഡുക്കളായി പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുവാൻ 30.09.2017, 31.12.2017 എന്നീ രണ്ട് സമയങ്ങളും, പരുത്തിത്തോട് ചാൽ ലേലം കൊണ്ട വ്യക്തിക്ക് ബാക്കി ലേലത്തുക മൂന്ന് ഗഡുക്കളായി പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുവാൻ 30.06.2017, 30.09.2017, 31.12.2017 എന്നീ സമയങ്ങളും അനുവദിച്ചിരുന്നു. തുക അടയ്ക്കാതെ വന്നാൽ 18% പലിശ സഹിതം തുക ഈടാക്കുവാൻ ലേലവ്യവസ്ഥ 6 പ്രകാരം പഞ്ചായത്തിന് അവകാശമുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ 3250000/- രൂപ 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലേക്ക് അടവാക്കുവാനുണ്ട്. പ്രസ്തുത തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയതിൽ ചാൽ ലേലം കൊണ്ട വ്യക്തികൾ കോടതി മുഖാന്തരം സ്റ്റേ വാങ്ങിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്.(കേസ് നം

wp(c)no12865/2018,wp(c)no12869/2018)ആയതിനാൽ മേൽ പ്രകാരം ചാൽ ലേലം ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ കാര്യത്തിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചട്ടവിരുദ്ധമായി തുക ചെലവഴിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടം 3(3) പ്രകാരം "വ്യക്തികൾക്കും സംഘടനകൾക്കും പണമായി സഹായം നല്കുന്നതും നിയമാനുസൃതമല്ലാത്ത പരസ്യച്ചെലവുകൾ വഹിക്കുന്നതും, മത-രാഷ്ട്രീയ-തൊഴിലാളി സംഘടനകളുടെ പരിപാടികൾക്ക് ചെലവുകൾ ചെയ്യുന്നതും അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്." എന്ന് നിഷ്കർഷിക്കുന്നു. കൂടാതെ ചട്ടം 3(5) പ്രകാരം പഞ്ചായത്തിൽ അസാധാരണ ചെലവുകൾ സംബന്ധിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. 3(8 ) ചട്ട പ്രകാരം അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കണം എന്നും നിഷ്കർഷിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പുത്തൻതോട് ഗവൺമെന്റ് എച്ച്.എസ്.എസിലെ സ്റ്റുഡന്റ് പൊലിസ് കേഡറ്റ് സെറിമോണിയൽ ഡ്രസ്സ് വാങ്ങിയ ഇനത്തിലും പത്താം ക്ലാസ്സിലും പ്ലസ്സ് ടു തരത്തിലും, പാരാ അത് ലറ്റിക്ക് ചാമ്പ്യൻഷിപ്പിൽ ഉന്നത വിജയം നേടിയ കുട്ടികൾക്കും 1000/-രൂപ പണമായും സമ്മാനം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഇനം | ചെക്ക് നം | തീയതി | തുക |
|---|---|---|---|---|
| 1 | 10,12 ക്ലാസ്സിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് സമ്മാനം | 98778<br>98817 | 14.07.17 | 20000 |
| 2 | പാരാ അത് ലറ്റിക്ക് ചാമ്പ്യൻഷിപ്പിൽ ഉന്നത വിജയം നേടിയ കുട്ടിക്ക് സമ്മാനം | 98818 | 14.07.17 | 1000 |
| 3 | സെറിമോണിയൽ ഡ്രസ്സ് വാങ്ങിയ ഇനം | 92024 | 42.04.17 | 24975 |
| ആകെ | | | | 45975 |

മേൽ സൂചിപ്പിച്ച പ്രകാരം അസാധാരണ ചെലവിനത്തിൽ ചട്ടത്തിൽ പറയും പ്രകാരമല്ലാതെ തുക ചെലവഴിച്ചതിനു വിശദീകരണവും, മറ്റ് സൂചിത ചട്ടത്തിൽ പരാമർശിട്ടുള്ള നടപടിക്രമങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന്നായി ഹാജരാക്കുകയും ചെയ്യേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (15/25.10.18) നല്കിയതിന് 12.07.2017ലെ 10(1) കമ്മറ്റി തീരുമാനം അനുസരിച്ചാണ് തുക അനുവദിച്ചതെന്നും പ്രസ്തുത പരിപാടിയിൽ എം.എൽ.എ ഉൾപ്പെടെ പങ്കെടുത്തതാണെന്നും, തീരദേശപ്രദേശത്തെ കുട്ടികൾ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായതിനാലുമാണ് സാമ്പത്തികമായി തുക അനുവദിച്ചതെന്നും സെക്രട്ടറി മറുപടി നല്കിയത്. ചട്ടവിരുദ്ധമായി തുക ചെലവാക്കിയതിന്

സെക്രട്ടറി കമ്മറ്റിയിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി മാത്രം ചെലവുകൾ നിർവഹിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-2 നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 67(6) വകുപ്പ് പ്രകാരം ദ്വൈമാസ ബില്ലിംങ് ഉള്ള ഉപഭോക്താക്കൾ മൂന്ന് മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുകയും പ്രതിമാസ ബില്ലിംങ് ഉള്ള ഉപഭോക്താക്കൾ രണ്ടു മാസത്തെ വൈദ്യുതിചാർജിന് തുല്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം കേരള സംസ്ഥാന വൈദ്യൂതി ബോർഡ് പഞ്ചായത്തിലെ ഹൈമാസ്റ്റുകളുടെ വൈദ്യുതി ചാർജിനത്തിൽ നിന്നും ഡെപ്പോസിറ്റ് തുകയിനത്തിൽ 15367 /- രൂപ ഈടാക്കിയിട്ടുണ്ട് (ചെക്ക് നം, തീയതി : 213579 തീ. 7.7.17, 98774, തീ. 14.7.17, 98792 തീ. 28.7.17, തനത് ഫണ്ട് - 15367). എന്നാൽ 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 102(3) വിരുദ്ധമായാണ് കേരള സംസ്ഥാന വൈദ്യൂതി ബോർഡ് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉള്ളതാകയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങേണ്ടതില്ലയെന്ന് അനുശാസിക്കുന്നു. കൂടാതെ കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ 72 -ാം വകുപ്പ് പ്രകാരം ഡെപ്പോസിറ്റായി നല്കുന്ന തുകയ്ക്ക് നിലവിലുള്ള ബാങ്ക് പലിശയ്ക്ക് അർഹതയുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള വകുപ്പ് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കിയ 15367 /- രൂപ പലിശയടക്കം തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും ആയത് ക്രമീകരിക്കുന്നതിന്നാവശ്യമായ നടപടികൾ സ്വീകരിക്കാമെന്നാണ് മറുപടി നല്കിയത്. ക്രമീകരിക്കുന്നത് വരെ 15367 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നല്കുന്നത് തൻവർഷവും ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പ്രവർത്തന രഹിതമായ ഹൈമാസ്റ്റ് ലാമ്പുകൾക്ക് വൈദ്യുതിച്ചാർജ് നല്കി

ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ 24.09.2017 ലെ II(b) തീരുമാനത്തിൽ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഹാർബർ, പുത്തൻത്തോട് എന്നിവിടങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റും സേർച്ച് ലൈറ്റും സാമ്പത്തിക വർഷത്തിൽ പത്ത് മാസമായി പ്രവർത്തിക്കുന്നില്ലാത്തതിനാൽ വൈദ്യുതി ചാർജിനത്തിൽ നല്കിയ തുക ക്രമീകരിച്ച് തരണമെന്ന് കെ.എസ് .ഇ.ബി യോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചിരുന്നു. ഈ ഹൈമാസ്റ്റ് ലൈറ്റിന്റേയും സേർച്ച് ലൈറ്റിന്റേയും കറണ്ട് ചാർജ്ജിനത്തിൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും 42224/- രൂപ നല്കിയിട്ടുണ്ട് ആയത് കെ.എസ്.ഇ.ബി യിൽ നിന്നും ക്രമീകരിച്ച് ലഭിച്ചിട്ടുണ്ടോയെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക അടിയന്തരമായി കെ.എസ്.ഇ.ബി യിൽ നിന്നും ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 വീട് വാസയോഗ്യമാക്കൽ -മുൻകൂർ തുക കൈപ്പറ്റി വീട്

## വാസയോഗ്യമാക്കിയില്ല

പ്രോജക്ട് നം- 61/18 (വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ)

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, അടങ്കൽ തുക:3000000 രൂപ

ചെലവ്:2320546 രൂപ

വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി മുൻകൂർ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീട് വാസയോഗ്യമാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു

| ഗുണഭോക്താക്കൾ | മുൻകൂറായി കൈപ്പറ്റിയ തുക (ബിൽ നം/തീയതി,തുക) |
|---|---|
| കൊച്ച്പെണ്ണ് കുമാർ,നെടുംച്ചിറ | 3/17-18 dt28-2-18,75000 രൂപ |
| സരസ,വലിയകരുത്തൽ | 4/17-18dt14-3-18,75000രൂപ |
| ഭാനുമതി,അറക്കത്തറ | 5/17-18dt19-3-18,75000 രൂപ |

മുൻകൂറായി 75000 രൂപ വീതം കൈപ്പറ്റിയ മേൽ പറഞ്ഞ ഗുണഭോക്താക്കളെക്കൊണ്ട് വീട് വാസയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂറായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-5 കമ്പോസ്റ്റ് പിറ്റ് നിർമ്മാണം - അപാകതകൾ

പ്രോജക്ട് നം- 69/18 (കമ്പോസ്റ്റ് പിറ്റ്നിർമ്മാണം)

നിർവഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ,അടങ്കൽ തുക:562500രൂപ

ചെലവ്:136000 രൂപ, ബിൽ നം :4/17-18 dt 28-3-18

ഗാർഹികമാലിന്യം നിർമ്മാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒയും മഹാത്മാഗാന്ധി-ദേശീയതൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടപ്പാക്കുന്ന ടി പദ്ധതിയിലെ 34 ഗുണഭോക്താക്കൾക്ക് കമ്പോസ്റ്റ്പിറ്റ് നിർമ്മാണത്തിന് മെറ്റിരിയൽ വാങ്ങാൻ 4000രൂപ വീതം നല്കി എന്നാൽ നാളിതു വരെ 4 ഗുണഭോക്താക്കൾ മാത്രമേ കമ്പോസ്റ്റ്പിറ്റ് നിർമ്മിച്ചിട്ടുള്ളൂ. 4000രൂപ കൈപ്പറ്റിയിട്ടും നാളിതുവരെ കമ്പോസ്റ്റ്പിറ്റ് നിർമ്മിക്കാത്തവരുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താക്കളുടെ പേര്, വിലാസം |
|---|---|
| 1 | രാജ്മോൾ അലക്സാണ്ടർ, കാരികോടത്ത് |
| 2 | ഡോമിനിക്ക് ഗ്രിഗറി, പറയകാട്ടിൽ |
| 3 | ജാൻസി, ആലുംപറമ്പിൽ |
| 4 | ദേവദോർ, പള്ളിക്കത്തയ്യിൽ |
| 5 | ഔസേപ്പച്ചൻ, ആലുംപറമ്പിൽ |

| | |
|---|---|
| 6 | ടോമി ജോൺ, പള്ളിക്കത്തയ്യിൽ |
| 7 | ജോൺ പി.എഫ്, പള്ളിക്കത്തയ്യിൽ |
| 8 | സന്തോഷ്, ആല്യംപറമ്പിൽ |
| 9 | വർഗ്ഗീസ്സ്, കടവുങ്കൽ |
| 10 | ജോബ്, പൊള്ളയിൽ |
| 11 | കൈപ്പാരി സാംസൺ, പള്ളിക്കത്തയ്യിൽ |
| 12 | ഉഷ ജോസഫ്, ആറാട്ടുകുളങ്ങര |
| 13 | മേരി ജിൻസി, ആല്യംപറമ്പിൽ |
| 14 | ട്രീസ, തയ്യിൽ |
| 15 | ജോസഫ് സണ്ണി, പള്ളിക്കത്തയ്യിൽ |
| 16 | പി.ജെ ജേക്കബ്, പള്ളിക്കത്തയ്യിൽ |
| 17 | ലിസ്സി ചാർളി, പള്ളിക്കത്തയ്യിൽ |
| 18 | ടോണിമാക്സ്വെൽ, പാടപുരയ്ക്കൽ |
| 19 | റാഫേൽ , പറയകാട്ടിൽ |
| 20 | സിൽസി, പറയകാട്ടിൽ |
| 21 | മേരിമാർട്ടിൻ, കണ്ടായികോടത്ത് |
| 22 | സെബാസ്റ്റിൻ, അത്തിപ്പൊഴി |
| 23 | റോസി വർഗ്ഗീസ്, അത്തിപ്പൊഴി |
| 24 | ത്രേസ്യാമ്മ കാരികോടത്ത് |
| 25 | ആന്റെണി, പൂത്തറ |
| 26 | ആൽബർട്ട്, കാരികോടത്ത് |
| 27 | ത്രേസ്യാമ്മ, ആനന്ദം പറമ്പിൽ |
| 28 | പാപ്പച്ചൻ, പള്ളിക്കത്തയ്യിൽ |
| 29 | ജോർജ്ജ് ബിനു, അഞ്ചുതൈക്കൽ |
| 30 | ജൂസഫ്ഫ പിറ്റർ, ആല്യംപറമ്പിൽ |

മേൽ പറഞ്ഞ ഗുണഭോക്താക്കളെക്കൊണ്ട് കമ്പോസ്റ്റ് പിറ്റ്നിർമ്മാണം പൂർത്തികരിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിന് തയ്യാറല്ലാത്തവരിൽനിന്ന് മെറ്റിരിയൽ വാങ്ങാൻകൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്, പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിച്ച് അറിയിക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 <u>നോട്ടീസ് ഫീസ് ഈടാക്കിയില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ 09.10.2017 ലെ 1-ാം തീരുമാന പ്രകാരം 100% വസ്തുനികുതി സമാഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിട ഉടമകൾക്കും

വസ്തുനികുതി ഡിമാന്റ് നോട്ടീസ് കുടുംബശ്രീ പ്രവർത്തകർ വഴി നല്കവാനം, ആയതിന് ഒരു കെട്ടിടത്തിന് 3 രൂപ നിരക്കിൽ കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിഫലമായി നല്കവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം 217000690 പ്രകാരം 18015 രൂപ(6005x3) തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ തുകയും നോട്ടീസിന്റെ കോപ്പി ചാർജിനത്തിൽ 2 രൂപയും ഉൾപ്പെടെ ആകെ 5 രൂപ വസ്തു നികുതി തുകയോടൊപ്പം ഓരോ കെട്ടിട ഉടമയിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി രസീതുകൾ പരിശോധിച്ചതിൽ ബഹുഭൂരിപക്ഷം കെട്ടിട ഉടമകളിൽ നിന്നും ഈ തുക ഈടാക്കിയതായി കാണുന്നില്ല. 2017-18 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സ് പ്രകാരം 11099 രൂപ മാത്രമേ ഈയിനത്തിൽ വരവ് വന്നിട്ടുള്ളത്. ബഹു ഭൂരിപക്ഷം കെട്ടിട ഉടമകളിൽ നിന്നും നോട്ടീസ് ഫീസ് ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18) ഈടാക്കാനവശേഷിക്കുന്ന തുക 2018-19 സാമ്പത്തിക വർഷത്തിൽ ഈടാക്കുമെന്നാണ് മറുപടി നല്കിയത്. ആയതിനാൽ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 18015 രൂപയിൽ നിന്നും തൻവർഷം സമാഹരിച്ച 11099 രൂപ കിഴിച്ച് നഷ്ടം സംഭവിച്ച 6916 രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 അപേക്ഷകൾ വാങ്ങാതെ ആനുകൂല്യം നല്കി -

പ്രോജക്ട് നം- 34/18 (നെൽ കൃഷി വികസനം-കൂലിച്ചെലവ്)

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ തുക:100776 രൂപ (വികസന ഫണ്ട് -50388 രൂപ,ബ്ലോക്ക് വിഹിതം- 50388 രൂപ)

ചെലവ്: 100776 രൂപ (വികസന ഫണ്ട് -50388 രൂപ,ബ്ലോക്ക് വിഹിതം- 50388 രൂപ)

ബിൽ നം :1/17-18dt21-10-17(45628 രൂപ) 2/17-18dt21-10-17(4760 രൂപ)

ചെക്ക് നം:3376484 (50388 രൂപ)

മേൽ പറഞ്ഞ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകേണ്ടത് ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ വാങ്ങിയും അപേക്ഷയിലെ വിവരങ്ങൾ നേരിൽ പരിശോധിച്ചുമാണ്. എന്നാൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നല്കിയത് അപേക്ഷ വാങ്ങാതെയും, വിവരങ്ങൾ നേരിൽ പരിശോധിക്കാതെയുമാണ്. ടി വിഷയം സംബന്ധിച്ച് 25-10-18 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം.12ന് ലഭ്യമാക്കിയ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകളും അനുബന്ധ രേഖകളും സ്വീകരിച്ചു വരികയാണ് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പഞ്ചായത്തിലെ വിവിധ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ /പേര്, നിർവഹണഉദ്യോഗസ്ഥൻ,ബിൽ നം | ചെലവഴിച്ച തുക/ഫണ്ടിനം | ഹാജരാക്കാത്ത രേഖ, നല്കേണ്ടയാൾ |
|---|---|---|

| | | |
|---|---|---|
| 2/18, സാമൂഹ്യസുരക്ഷമിഷന് വിഹിതം നല്കൽ,സെക്രട്ടറി 3/17-18,29-7-17 | 500000രൂപ,പൊതുവിഭാഗം | വിനിയോഗ സാക്ഷ്യപത്രം, എക്സിക്യൂട്ടീവ് ഡയറക്ടർ സാമൂഹ്യസുരക്ഷമിഷൻ |
| 48/18,വിവിധ വാർഡുകളിൽ പോസ്റ്റമാറ്റൽ, സെക്രട്ടറി<br>4/17-18,dt11-8-17 (7984 രൂപ)<br>5/17-18,dt11-8-17 ( 6400രൂപ )<br>7/17-18,dt11-8-17 ( 25696രൂപ)<br>14/17-18,dt27-9-17 ( 83248രൂപ)<br>16/17-18,dt27-9-17( 5954രൂപ )<br>17/17-18, dt12-10-17 (15861രൂപ )<br>48/17-18,dt22-1-18 ( 56554രൂപ)<br>50/17-18,dt30-1-18 ( 23437രൂപ)<br>58/17-18,dt30-1-18 ( 16451രൂപ )<br>54/17-18,dt16-2-18 ( 43256രൂപ)<br>61/17-18,dt21-2-18 (26436രൂപ )<br>62/17-18,dt21-2-18 (31159രൂപ )<br>69/17-18,dt28-2-18 (10106രൂപ)<br>76/17-18,dt15-3-18( 9938രൂപ )<br>90/17-18,dt19-3-18 ( 20307രൂപ )<br>99/17-18,dt23-3-18 ( 7786രൂപ)<br>122/17-18,dt28-3-18 (1205രൂപ)<br>123/17-18,dt28-3-18 ( 2338രൂപ) | 394116രൂപ, പൊതുവിഭാഗം | വിനിയോഗസാക്ഷ്യ പത്രം, A.E.E ,KSEB Kannamally |
| 88/18, സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ,,സെക്രട്ടറി<br>37/17-18,dt 15-1-18-(66036രൂപ)<br>38/17-18,dt15-1-18(46929രൂപ )<br>35/17-18,dt15-1-18(40621രൂപ)<br>36/17-18,dt15-1-18(53152രൂപ )<br>47/17-18,dt22-1-18(79552രൂപ )<br>52/17-18,dt30-1-18(42756രൂപ)<br>53/17-18,dt30-1-18(70188രൂപ )<br>57/17-18,dt16-2-18(128526രൂപ)<br>63/17-18,dt21-2-18(82614രൂപ )<br>77/17-18,dt15-3-18-( 112520രൂപ) | 722894രൂപ, പൊതുവിഭാഗം | വിനിയോഗസാക്ഷ്യപത്രം,A.E.E ,KSEB kannamally |
| 227/18,തെരുവ് വിളക്കിന് ലൈൻ വലിക്കൽ,സെക്രട്ടറി,<br>100/17-18,dt23-3-18( 134778രൂപ)<br>101/17-18,dt23-3-18(93093രൂപ)<br>102/17-18,dt23-3-18(79967)രൂപ<br>103/17-18,dt23-3-18(21544രൂപ)<br>104/17-18,dt23-3-18(68389രൂപ)<br>105/17-18,dt23-3-18(108296രൂപ)<br>106/17-18,dt23-3-18(62868രൂപ)<br>108/17-18,dt26-3-18(28711രൂപ)<br>109/17-18,dt26-3-18 (1607രൂപ) | 599253രൂപ, പൊതുവിഭാഗം | വിനിയോഗസാക്ഷ്യപത്രം,A.E.E ,KSEB kannamally |

| | | |
|---|---|---|
| | | |

മേൽ പറഞ്ഞ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് . സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി ചെലവ് (2216263രൂപ) തടസ്സപ്പെടുത്തുന്നു.

## 3-9 ആട് വിതരണം-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ധനസഹായം നല്കി - തടസ്സം 10000രൂപ

പ്രോജക്ട് നം- 92/18 (ആട് വിതരണം)

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ, അടങ്കൽ തുക : 250000രൂപ (വികസനഫണ്ട് )

ചെലവ്: 140000രൂപ, ബിൽ നം : 8/17-18 dt 27-1-18 (70000രൂപ)

പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പദ്ധതിയിൽ പതിനാല് ഗുണഭോക്താക്കൾ വാങ്ങിയ 28(14x2) ആട്ടിൻകുട്ടികളുടെ ആകെ വിലയായ 140000രൂപയുടെ 50%70000രൂപ ധനസഹായമായി നല്കി .ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത മേരി കട്ടികാട്. റോസി തയ്യിൽ വീട് എന്നിവർക്കും ആട്ടിൻകുട്ടികൾ വാങ്ങലിന് 5000രൂപ വീതം ധനസഹായം നല്കി. ടി വിഷയം സംബന്ധിച്ച് 25-10-18 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം14ന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നല്കിയ തുകയുടെ ചെലവ് (10000രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ലൈബ്രറി പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
ലൈബ്രറി ഫീസിനത്തിൽ പഞ്ചായത്തിൽ വർഷങ്ങളായി വരവൊന്നുമില്ല.

1)ലൈബ്രറി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്ത് ലൈബ്രറിയിൽ എത്ര ബുക്കുകൾ ഉണ്ടെന്ന് ഇനംതിരിച്ചറിയാൻ സാധിക്കുന്നില്ല.

2)ലൈബ്രറി ബുക്കുകളുടെ വിതരണം കാര്യക്ഷമമായി നടക്കുന്നില്ല
3)1998-99 ന് ശേഷം ആർക്കും തന്നെ മെമ്പർഷിപ്പ് നൽകിയിട്ടുള്ളതായി കാണുന്നില്ല.
4.അംഗത്വ ഫീസ് ഈടാക്കുന്നതിന്നാവശ്യമായ രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
1998-99 ന് ശേഷം അംഗത്വവിതരണമോ, അംഗങ്ങളിൽ നിന്ന് മാസവരിയിനത്തിലോ പഞ്ചായത്തിന് വരവുണ്ടായിട്ടില്ല. പഞ്ചായത്തിലെ ക്ഷേമകാര്യ, ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംങ് കമ്മറ്റി പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനത്തിൽ കാര്യമായ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ലൈബ്രറിയിലേക്ക് ആവശ്യമായ കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കി, ജനങ്ങളിൽ വായനാശീലം പരിപോഷിപ്പിക്കുന്നതിനും ലൈബ്രറി കൗൺസിൽ രജിസ്ട്രേഷൻ നേടുന്നതിനും യുക്തമായ നടപടികൾ സ്വീകരിച്ച് ലൈബ്രറി പ്രവർത്തനം

കാര്യക്ഷമമാക്കേണ്ടതാണ്.

## 3-11 എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ -വിതരണ രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ -so 20/18

ബിൽ നമ്പർ- 38/17-18/24.3.18 -58925

എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- എന്ന പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, മുരളി സൈക്കിൾ മാർട്ട് കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിൽനിന്നും 3850 രൂപ നിരക്കിൽ 8 ബോയ്സ് സൈക്കിളുകളും 3950 രൂപ നിരക്കിൽ 7 ഗേൾസ് സൈക്കിളുകളും വാങ്ങിയിട്ടുണ്ട്. ആയതിന് മേൽപറഞ്ഞ ബിൽ പ്രകാരം 58925രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിതരണ വിവരങ്ങൾ, കൈപ്പറ്റ് രേഖകൾ ഉൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ 58925/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു..

## 3-12 ഇരുചക്ര വാഹനം നൽകൽ - അപാകതകൾ

പ്രോജക്ട് നമ്പർ -so 22/18

ബിൽ നമ്പർ- 37/17-18/24.3.18 -29060

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ തൊഴിൽ രഹിതർക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ശ്രീ.ഷൈജു.വി.ആർ, വടക്കേവീട്ടിൽ പറമ്പിൽ, ചെല്ലാനം എന്നയാൾക്ക് പദ്ധതി ആനുകൂല്യമായി 29060 രൂപ നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഈയിനത്തിന് നൽകാവുന്ന സബ്സിഡി വാഹന വിലയുടെ 33 1/3% ആണ്. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള -ഷൈമാസ് ഓട്ടോ സെയിൽസ്, ചേർത്തല എന്ന സ്ഥാപനത്തിലെ 24.11.2017 ലെ 9534നമ്പർ ബുക്കിംഗ് ഫോം പ്രകാരം യൂണികോൺ 150 ബ്ലാക്ക് -ഇരുചക്ര വാഹനത്തിന്റെ വില28% ജി.എസ്.ടി ഉൾപ്പെടെ 73003 രൂപയാണ്. റോഡ് ടാക്സ്, ഇൻഷുറൻസ് രജിസ്ട്രേഷൻ ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ വാഹന വിലയിൽ ഉൾപ്പെടുന്നതല്ല. എന്നാൽ ഇത് കൂടി കണക്കിലെടുത്താണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ മാർഗ്ഗരേഖ പ്രകാരം 5വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം. എന്നാൽ ഗുണഭോക്താവുമായി ഇപ്രകാരം ഒരു എഗ്രിമെന്റ് വെച്ചിട്ടില്ല. വാഹനം ഏത് കടയിൽ നിന്നാണോ വാങ്ങിയത് ആ കടയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകണം/ ബാങ്ക് വായ്പയാണെങ്കിൽ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. എന്നാൽ ഇതിന് വിരുദ്ധമായി ഗുണഭോക്താവിന്റെ പേരിലുള്ള കോർപ്പറേഷൻ ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡി തുക നേരിട്ട് നൽകിയിട്ടുള്ളത്. കൂടാതെ ഈ വാഹനം ഉപയോഗിച്ച് ഇയാൾ ഏത് തരം സ്വയം തൊഴിലാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. സബ്സിഡി ഇനത്തിൽ ഇയാൾക്ക് അർഹമായ തുക 24334രൂപ മാത്രമാണ് (73003x33 1/3%). ഇതിന് വിരുദ്ധമായി

29060 രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 4726 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 വിതരണം ചെയ്യാത്ത പ്രിന്ററുകൾക്ക് തുക നല്കി-തടസ്സം 47312രൂപ

പ്രോജക്ട് നം- 125/18

( കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് യു.പി എസ് , സ്കാനർ-പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങൽ)

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി, അടങ്കൽ തുക : 200000 (കളർ പ്രിന്ററുകൾ)

ചെലവ്: 191936രൂപ ( വികസനഫണ്ട്),ബിൽ നം : 73/17-18 dt 6-3-18 (47312രൂപ)

മേൽ പറഞ്ഞ പദ്ധതിയിലേക്കായി രണ്ട് കളർ പ്രിന്ററുകൾ ( canon multipurpose -23655രൂപ, canonlbp7018c -16440 രൂപ ) ലഭ്യമാക്കാൻ ഈശ്വരീയം പള്ളുരുത്തി എന്ന സ്ഥാപനത്തിന് 47312 രൂപ നല്കി. എന്നാൽ ഈശ്വരീയത്തിൽ നിന്ന് വിതരണം ചെയ്ത കളർപ്രിന്ററുകളുടെ വിവരം സ്റ്റോക്ക് രജിസ്സറിൽ രേഖപ്പെടുത്തിയിരുന്നില്ല. കളർ പ്രിന്ററുകൾ ഈ സ്ഥാപനം വിതരണം ചെയ്തിട്ടുണ്ടോയെന്ന വിവരം സംബന്ധിച്ച് 25-10-18 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 8ന് ലഭ്യമാക്കിയ മറുപടിയിൽ “ഈശ്വരീയം പള്ളുരുത്തി എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്ററുകൾ വാങ്ങുന്നതിനായി ഇൻവോയ്സ് പ്രകാരമാണ് ബിൽ തുക മാറിയതെന്നും ഈ തുക u000000416714156 നമ്പർ utr പ്രകാരം ട്രഷറിയിൽ നിന്നും മാറി നല്കിയിട്ടുള്ളതും എന്നാൽ ഈശ്വരീയം പള്ളുരുത്തി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നാളിതുവരെ തുക എത്തിയിട്ടില്ലാത്തതുമാണ് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് ഐ.കെ.എമ്മിന് പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും തുടർ നടപടികൾ സ്വീകരിച്ച് കളർ പ്രിന്ററുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രിന്ററുകൾ ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ ഫണ്ട് ട്രാൻസ്ഫർ ചെയ്തത് ക്രമ വിരുദ്ധമാണ്. ട്രഷറി, ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട് ബിൽ പ്രകാരം മാറിയതും എന്നാൽ സ്ഥാപനത്തിന് ലഭിക്കാത്തതുമായ തുക വീണ്ടെടുക്കുന്നതിനും നടപടികളെടുക്കേണ്ടതാണ്. കളർ പ്രിന്ററുകൾ ( canon multipurpose -23655രൂപ , canonlbp7018c -16440 രൂപ ) ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കളർ പ്രിന്ററുകൾ വാങ്ങലിനായുള്ള ചെലവ് (47312രൂപ) തടസ്സപ്പെടുത്തുന്നു.

## 3-14 തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - അപാകത

മഹാത്മാഗാന്ധിദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1)എം.ബുക്കുകൾ തയ്യാറാക്കാതെയും, ബിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാതെയും മസ്റ്റർറോൾ പ്രകാരമാണ് മിക്ക പ്രവർത്തികൾക്കും വേതനം നല്കിയിരിക്കുന്നത്.

2)സൈറ്റ് ഡയറിയിൽ സന്ദർശനക്കുറിപ്പ് പൂർണ്ണമല്ല.

3)ഫയലിനോടൊപ്പം പ്രവർത്തി ചെയ്യുന്നതിന് മുൻപ് ,ശേഷം എന്നി ഘട്ടങ്ങിലെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

4)എസ്റ്റിമേറ്റ് റിപ്പോർട്ട് മിക്ക ഫയലിനോടൊപ്പവും സൂക്ഷിച്ചിട്ടില്ല.

5)പെറ്റി കോൺട്രാക്റ്റ് ബിൽ/ പേമെന്റ് ബിൽ മിക്ക ഫയലിനോടൊപ്പവും സൂക്ഷിച്ചിട്ടില്ല.

6)പ്രവൃത്തികൾ ചെയ്യുന്നതിന് കുടുംബങ്ങൾ/ഗുണഭോക്താക്കൾ സമർപ്പിക്കേണ്ട അപേക്ഷകൾ വാങ്ങിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4.1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമനമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50388 | നെൽ കൃഷിക്ക് കൂലിച്ചെലവ് | 50388 | 00 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ പദ്ധതി | 86889 | 13111 |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 12500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി) | 12500 | 00 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 225000 | 00 |
| 5. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 19500 | ക്ഷീര സംഘങ്ങൾ വഴി പാലിന് ഇൻസെൻറീവ് | 19500 | 00 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | എസ്.സി.കുട്ടികൾക്ക് പഠനമുറി | 50000 | 50000 |
| 7. | ജില്ലാ പഞ്ചായത്ത് | 2017-18 | 12500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി) | 12500 | 00 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ജില്ലാ പഞ്ചായത്ത് | 2017-18 | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി) | 25000 | 00 |
| 9 | ജില്ലാ പഞ്ചായത്ത് | 2017-18 | 60096 | അംഗനവാടികൾക്ക് പഠനമുറി | 00 | 60096 |

## 4.2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 48/18 | 41700484 മുതൽ 501വരെ | 394116 | 00 | 394116 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ 88/18 | 41700517 മുതൽ 521 വരെ | 722894 | 00 | 722894 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവ് വിളക്ക് ലൈൻ വലിക്കൽ 227/18 | 4170052 മുതൽ 511വരെ | 599253 | 00 | 599253 |

## 4.3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4.4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4.5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5646823 |
| തൻവർഷം നിക്ഷേപിച്ച തുക | 382603 (പലിശ) |
| ആകെ | 6029426 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6029426 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (രസീത് നമ്പർ) 2080 | 630233 |
| ചെല്ലാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (രസത് നമ്പർ) 2081 | 643980 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (രസീത് നമ്പർ) 88788 | 3014615 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (രസീത് നമ്പർ) 88787 | 845007 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 895591 |
| ആകെ | 6029426 |

4.6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.11.2 | സഹകരണ സംഘം സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിയത് സംബന്ധിച്ച് | നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചതിനാൽ പരാമർശംഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 2001-02 | 5 | 2003-04 | 3.7.11.1 | കമ്പ്യൂട്ടർസെന്റർ നിർമ്മാണം | റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കിവരുന്നു |

4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77299665 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90666169 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4726 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2474783 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുകളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-12 | | 4726 | എ.ആർ. പ്രദീപ്കുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 4726 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 15367 | രാജൻ.പി.എസ്, സെക്രട്ടറി |
| 3-5 | 120000 | സാദിഖ് എ , വി.ഇ.ഒ |
| 3-6 | 6916 | രാജൻ.പി.എസ്, സെക്രട്ടറി |
| 3-8 | 1571080 | പി.പി.ഷീല, സെക്രട്ടറി, |
| | 645183 | രാജൻ.പി.എസ്, സെക്രട്ടറി, |
| 3-9 | 10000 | ഡോ.സിന്ധു.കെ, വെറ്ററിനറി സർജ്ജൻ |
| 3-11 | 58925 | എ.ആർ. പ്രദീപ്കുമാർ അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 47312 | പി.പി.ഷീല, സെക്രട്ടറി |
| ആകെ | 2474783 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| രാജൻ.പി.എസ്, സെക്രട്ടറി | സെക്രട്ടറി, പിണ്ടിമന ഗ്രാമ പഞ്ചായത്ത് | പട്ടമറ്റം. വീട്, മഞ്ഞപ്ര പി.ഒ, |
| എ.ആർ. പ്രദീപ്കുമാർ അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, പനമരം പഞ്ചായത്ത്, വയനാട് | ശ്രീവത്സം, പൈപ്പ് ലൈൻ റോഡ് പള്ളുരുത്തി |

| | | |
|---|---|---|
| സാദിഖ് എ , വി.ഇ.ഒ | വി.ഇ.ഒ, ചെല്ലാനം | ഷാഗ്രില, ചന്തിരൂർ പി.ഒ, ആലപ്പുഴ |
| പി.പി.ഷീല, സെക്രട്ടറി | സെക്രട്ടറി, ചെല്ലാനം | മുല്ലൂർ ഹൗസ്, ഏറനാട് അമ്പലത്തിന് സമീപം, പെരുമ്പടപ്പ്, പള്ളുരുത്തി പി.ഒ, എറണാകുളം |
| ഇ.എ. ഫിലോമിന | സെക്രട്ടറി, ചെല്ലാനം | കാരിക്കശ്ശേരി വീട് ഞാറക്കൽ പി.ഒ എറണാകുളം |
| ഡോ.സിന്ധു.കെ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ ചെല്ലാനം | പാലക്കൽ തടത്തിൽ മുളവരിക്കൽ നഗർ കോന്തുരുത്തി, തേവര |

4.10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.പി.1922/02 /7.7.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.1-921/02 /7.7.2005 |
| 2000-01 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1-163/03 /4.2.2004 |
| 2001-02 പദ്ധതി വിഹിതം | എൽ.എഫ്.ഇ.പി.1.1162/03 /4.2.2004 |
| 2002-03(ചെലവ്) | എൽ.എഫ്.ഇ.പി.2-296/06 /11.01.2007 |
| 2003-04 | എൽ.എഫ്.ഇ.പി.3-744/09 /16.06.2010 |
| 2004-05 | എൽ.എഫ്.ഇ.പി.3-745/09 /16.06.2010 |
| 2005-06 | എൽ.എഫ്.ഇ.പി.3-746/09 /16.06.2010 |
| 2007-08 | എൽ.എഫ്.ഇ.പി.3-746/09 /16.05.2010 |
| 2008-09 | എൽ.എഫ്.ഇ.പി.3-200/10 /12.7.2011 |
| 2009-10 | എൽ.എഫ്.ഇ.പി.1-321 /12 /26.3.12 /3.5.12 |
| 2010-11 | എൽ.എഫ്.ഇ.പി.1-322/12 /2.4.12 /7.5.12 |
| 2011-12 | എൽ.എഫ്.ഇ.പി.1-2280/13 /21.1.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3)403/15 / 06.04.2015 |
| 2013-14 & 2014-15 | നം.കെ.എസ്.എ-ഇ.കെ.എം(പി3)960/2016/ 22.06.2016 |
| 2015-16 | നം.കെ.എസ്.എ-ഇ.കെ.എം(പി3)1975/2016, 07.12.2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി3)1761/2017, 21.11.2017/12.12.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അനുബന്ധ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
3) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4) ലോക ബാങ്ക് ഗ്രാന്റിനത്തിലെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ